(ബി) മേൽപ്പറഞ്ഞ ചർച്ചയിലെടുത്ത തീരുമാനത്തെത്തുടർന്ന്, ഒരു ഗഡു കർഷകത്തൊഴിലാളി പെൻഷൻ, അതായത് 1-4-2003 മുതലുള്ള മൂന്നു മാസത്തേത്, നൽകുവാൻ 7-6-2005-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ലേബർ കമ്മീഷണർ ഇതിനാവശ്യമായ തുക വിതരണത്തിനായി ജില്ലാ ലേബർ ഓഫീസർമാർക്ക് അലോട്ട് ചെയ്യുകയും അവർ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നൽകേണ്ടുന്ന ആനുകൂല്യങ്ങൾ, വിവാഹധനസഹായം ഉൾപ്പെടെ, ഓണത്തിനുമുൻപ് വിതരണം ചെയ്യുന്നതിലേക്കായി നടപ്പ് സാമ്പത്തിക വർഷം 3,02,23,831 രൂപ ബോർഡിന്റെ ജില്ലാ ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) പെൻഷൻ സംബന്ധിച്ച് സർക്കാർ ഉത്തരവ് 7-6-2005-ന് പുറപ്പെടുവിച്ചിരുന്നു. അതിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) ഒരു ഗഡു പെൻഷൻ ഓണത്തിനുമുൻപായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാഭ്യാസ വായ്പ

*15 [92] *ശ്രീ. കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും സ്വകാര്യസ്ഥാപനംവഴി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും വിദ്യാഭ്യാസ വായ്പ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങൾ വഴിയാണ് ഇപ്രകാരം വായ്പ നൽകുന്നതെന്ന് പറയുമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് വായ്പ നൽകുന്നത്;

(സി) ഏതെല്ലാം വ്യവസ്ഥകൾക്കു വിധേയമായാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം പണം കൊടുക്കുന്നതെന്ന് പറയുമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പണം വാങ്ങുന്ന സ്വകാര്യ സ്ഥാപനങ്ങൾ ഏതെല്ലാം വ്യവസ്ഥ അനുസരിച്ചാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്;

(ഇ) ഈ പദ്ധതിപ്രകാരം സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും സ്വകാര്യ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് പ്രതിവർഷം നൽകാനുദ്ദേശിച്ചിട്ടുള്ളത്?

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സഹകാര്യ സ്ഥാപനങ്ങൾവഴി വിദ്യാഭ്യാസവായ്പ നൽകുന്നില്ല.

(ബി) & (സി) ബാധകമല്ല.

(ഡി) & (ഇ) ബാധകമല്ല.

ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രക്ഷോഭം

*16 [93] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*

" *എ. കെ. ബാലൻ:*

" *എം. വി. ജയരാജൻ:*

" *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകളുടെ സ്പോൺസറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രേഡ് യൂണിയൻ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചനടത്തി പ്രശ്ന പരിഹാരത്തിന് സർക്കാർ തയ്യാറാകുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*:

(എ) ഉണ്ട്. കയർപിരി തൊഴിലാളികൾ 1-2-2005 മുതലും തോട്ടം തൊഴിലാളികൾ 15-6-2005 മുതലും സമരം നടത്തിയിരുന്നു. കർഷകത്തൊഴിലാളികൾ 11-5-2005 മുതൽ നിരാഹാരസമരം നടത്തിയിരുന്നു. ചുമട്ടുതൊഴിലാളികളും സമരം നടത്തിയിരുന്നു.

(ബി) (1) കയർ തൊഴിലാളികളുടെ ആവശ്യങ്ങൾ:

നിശ്ചിത കൂലിയും ഡി. എ.-യും നൽകുക, കയറ്റുമതിക്കാർ ഉൽപ്പന്നങ്ങൾക്ക് തീരുമാനിച്ച വില നൽകുക, കരാർ ജോലികൾ പൂർണ്ണമായും അവസാനിപ്പിക്കുക, ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുക, ക്ഷേമനിധി ബോർഡിലെ സ്വജനപക്ഷപാതം അവസാനിപ്പിക്കുക, സഹകരണ മേഖലയെ സംരക്ഷിക്കുക, 15-10-2004-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക, പുതിയ ഉൽപ്പന്നങ്ങൾക്ക് കൂലിയും വിലയും തീരുമാനിക്കുക.

LIBRARY ARCHIVES Kerala Legislative Assembly